പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2198 05.12.2018 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി :** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ; | (എ) സ്വീകരിച്ച നടപടികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ആധുനിക രീതിയിലുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നതിനായി 11 കോടി രൂപ അനുവദിച്ചു. ഇതിൽ 5.93 കോടി രൂപയുടെ യന്ത്രസാമഗ്രികൾ വാങ്ങിയിട്ടുണ്ട്.<br>2. ബയോമെഡിക്കൽ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി 1.04 കോടി രൂപ അനുവദിച്ചു.<br>3. മാതൃശിശു സംരക്ഷണ കേന്ദ്രത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി 1.75 കോടി രൂപ അനുവദിച്ചു.<br>4. ഡയാലിസിസ് കിറ്റ് സൗജന്യമായി ലഭ്യമാക്കുന്നതിനായി 50 ലക്ഷം രൂപ അനുവദിച്ചു.<br>5. PMSSY പദ്ധതിയുടെ കീഴിൽ MRI മെഷീൻ, സി.റ്റി. സ്കാൻ എന്നിവ വാങ്ങുന്നതിനായി സംസ്ഥാന വിഹിതമായി 10 കോടി രൂപ അനുവദിച്ചു.<br>6. തൃതീയ ക്യാൻസർ കെയർ സെന്ററിനായി ലീനിയർ ആക്സിലറേറ്റർ മെഷീൻ വാങ്ങുന്നതിനായി 11.13 കോടി രൂപ സംസ്ഥാന വിഹിതമായി അനുവദിച്ചു.<br>7. പുതിയ പി.ജി കോഴ്സുകൾ തുടങ്ങുന്നതിനും നിലവിലുള്ള പി.ജി സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി സംസ്ഥാന വിഹിതമായി 2.67 കോടി രൂപ അനുവദിച്ചു.<br>8. വൈറൽ റിസർച്ച് ഡയഗനോസ്റ്റിക് ലബോറട്ടറി സ്ഥാപിക്കുന്നതിനായി സംസ്ഥാന വിഹിതമായി 2.19 കോടി രൂപ അനുവദിച്ചു. |

9. മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റ് സ്ഥാപിക്കുന്നതിനായി സംസ്ഥാന വിഹിതമായി 2 കോടി രൂപ അനുവദിച്ചു.
10. പുതിയ ഡ്രഗ്സ് സ്റ്റോർ നിർമ്മിക്കുന്നതിനായി 4 കോടി രൂപ അനുവദിച്ചു.
11. പഴക്കംചെന്ന ആശുപത്രി കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 2017-18 ൽ 4.50 കോടി രൂപയും 2018-19 ൽ 5.50 കോടി രൂപയും അനുവദിച്ചു.
12. രോഗീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി 2017-18 ൽ 2 കോടി രൂപയും 2018-19 ൽ 2 കോടി രൂപയും അനുവദിച്ചു.
13. ട്രോമ കെയർ ഫെസിലിറ്റിക്കായി 2017-18 സാമ്പത്തിക വർഷം സംസ്ഥാന വിഹിതമായി 3.36 കോടി രൂപ അനുവദിച്ചു.
14. ബേൺസ് യൂണിറ്റിനായി 2017-18 ൽ സംസ്ഥാന വിഹിതമായി 83 ലക്ഷം രൂപ അനുവദിച്ചു.
15. 2018-19 സാമ്പത്തിക വർഷത്തിൽ മോളിക്കുലർ ലാബിന്റെ പ്രവർത്തന ങ്ങൾക്കായി 1.20 കോടി രൂപയും സ്ട്രോക്ക് യൂണിറ്റ് നിർമ്മാണത്തിനായി 5 കോടി രൂപയും ലിക്യുഡ് ഓക്സിജൻ വാങ്ങുന്നതിനായി 75 ലക്ഷം രൂപയും വികലാംഗരായ രോഗികൾക്കാവശ്യമായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനു വേണ്ടി 2 കോടി രൂപയും അഗ്നി സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി 2.5 കോടി രൂപയും ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി 1.5 കോടി രൂപയും അനുവദിച്ചു.

ആശുപത്രി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന വികസപ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. റേഡിയോ ഡയഗനോസിസ് വിഭാഗത്തിൽ 6 കോടി രൂപ ചെലവിൽ അത്യാധുനിക 128 സ്ലൈഡ് കാർഡിയാക് സി.ടി.സ്കാൻ, ഇ.എൻ.ടി, ന്യൂറോ സർജറി, അനസ്തേഷ്യ ഒ.റ്റി. എന്നീ ഡിപ്പാർട്ടുമെന്റുകളിലേയ്ക്ക് 40 ലക്ഷം രൂപ ചെലവിൽ അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, 8 ലക്ഷം രൂപ മുടക്കി ഇ.എൻ.ടി വിഭാഗത്തിലേയ്ക്ക് കോബ്ളേഷൻ യൂണിറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്.
2. സൂപ്പർ സ്പെഷ്യാലിറ്റിയിലെ കാർഡിയോളജി വിഭാഗത്തിൽ രണ്ടാമത്തെ കാത്ത് ലാബ് 5.50 കോടി രൂപ മുടക്കി സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു.

3. അത്യാഹിത വിഭാഗത്തിൽ 17 ലക്ഷം രൂപ മുടക്കി എയർ കണ്ടീഷനുകളും കാഷ്വാലിറ്റി എമർജൻസി ഓപ്പറേഷൻ തിയേറ്ററിലേയ്ക്ക് 13,84,152/- രൂപ ചെലവഴിച്ച് 2 അനസ്തേഷ്യ മെഷീനും Cardio Vascular Thoracic Surgery Unit ലേയ്ക്ക് 14,60,000/- രൂപ മുടക്കി ആവശ്യമായ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.
4. ന്യൂറോ സർജറി വിഭാഗത്തിൽ 10 ലക്ഷം രൂപ മുടക്കി C-ARM, 5 ലക്ഷം രൂപ മുടക്കി skull clamp, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 8 ലക്ഷം രൂപ മുടക്കി പവർ ലോണ്ടറിയും സ്ഥാപിച്ചു.
5. മൈക്രോബയോളജി വിഭാഗത്തിൽ 15 ലക്ഷം രൂപ മുടക്കി ഓട്ടോമേറ്റഡ് കൾച്ചർ സിസ്റ്റവും റേഡിയോ ഡയഗനോസിസ് വിഭാഗത്തിൽ 13 ലക്ഷം രൂപ ചെലവിൽ അനസ്തേഷ്യ വർക്ക് സ്റ്റേഷനും സ്ഥാപിച്ചു.
6. റേഡിയോ തെറാപ്പി വിഭാഗത്തിൽ 36 ലക്ഷം രൂപയോളം ചെലവഴിച്ച് വിവിധ ഉപകരണങ്ങൾ വാങ്ങി. 2.50 കോടിയോളം രൂപ ചെലവഴിച്ച് ടെലി കോബാൾട്ട് മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (ബി) ഇവിടെ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;<br>(സി) ഇതിനായി എന്തെല്ലാം സജ്ജീകരണങ്ങളാണ് കൂടുതലായി ഉണ്ടാവേണ്ടത് എന്നറിയിക്കാമോ? | (ബി) യും (സി) യും കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനായി മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിന് കീഴിൽ ഹെപ്പറ്റോളജി യൂണിറ്റ് സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജിയും ഇരട്ട ഓപ്പറേഷൻ തീയേറ്ററും, പോസ്റ്റ് ഓപ്പറേറ്റീവ് ഐ.സി.യു അടക്കമുള്ള സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്. ഇതിനാവശ്യമായ ശിപാർശ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ